## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 578
## 02.12.2014–ലെ മറുപടിക്ക്
## പൊതുമേഖലാ സ്ഥാപനങ്ങളുടെ ട്രഷറി നിക്ഷേപം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ കെ. കുഞ്ഞമ്മത് മാസ്റ്റർ | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പണം ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് ധനവകുപ്പിന്റെ ഉത്തരവുണ്ടായിരുന്നോ; വ്യക്തമാക്കുമോ; | (എ), (ബി)<br>സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപന ങ്ങളുടെ പണം (തനത് ഫണ്ട്) ട്രഷറിയിൽ നിക്ഷേപി ക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ക്ഷേമനിധി ബോർഡു കൾക്കും പൊതുമേഖലാ /സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നൽകുന്ന ഫണ്ടുകൾ ട്രഷറിയിൽതന്നെ നിക്ഷേപിക്കണമെന്ന് സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതു മേഖലാസ്ഥാ പനങ്ങൾ അവരുടെ തനത് ഫണ്ട്, ട്രഷറിയിലെ പലിശയേക്കാൾ കൂടുതൽ ലഭിക്കുന്ന സാഹചര്യത്തിൽ മാത്രമേ ബാങ്കുകളിൽ നിക്ഷേപി ക്കാവൂ എന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതനുസരിച്ച് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ട്രഷറിയിലേയ്ക്ക് നിക്ഷേപം മാറ്റിയിട്ടുണ്ട് എന്നും ഏതൊക്കെ സ്ഥാപനങ്ങൾ ഈ ഉത്തരവ് അനുസരിച്ചില്ല എന്നും വ്യക്തമാക്കുമോ; | ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ധനസഹായങ്ങളും ഫണ്ടുകളും തിരികെ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന കർശന നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ 31/2014/Fin dated 27.3.2014). പൊതുമേഖലാസ്ഥാപനങ്ങളിൽനിന്നും നിക്ഷേപം ആകർഷിച്ചുകൊണ്ട് ജി.ഒ.(എം.എസ്.) നം.121/2014/ധന. തീയതി 29.3.2014, ജി.ഒ.(പി)നം.383/2014/ധന. തീയതി 3.9..2014 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ധനഇടപാടുകൾ നടത്തുന്നതിന് പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥ തയിൽ ഒരു ബാങ്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ